വാണിജ്യ സ്ഥാപനങ്ങൾ:

വാർഡ് നമ്പർ	ആഭരണങ്ങൾ വില്പന കട	തടി/ഉകൽ ഉല്പന്നങ്ങൾ	നിത്യോപയോഗ സാധനങ്ങൾ വില്പന കട	പഠനം/വിനോദം സാമഗ്രികൾ വില്പന കട	പെട്രോൾ പമ്പ്	ഭക്ഷണം/പാനീയം വില്പന കട	മറ്റുള്ളവ	മെഡിക്കൽ,അനുബന്ധ സാമഗ്രികൾ വില്പന കട	വസ്ത്രം,അനുബന്ധ സാമഗ്രികൾ വില്പന കട	വാടക സാധനങ്ങളുടെ കട	വാഹനം അനുബന്ധ സാമഗ്രികൾ വില്പന കട	വീട്ടുപകരണങ്ങൾ/കെട്ടിട നിർമാണ സാമഗ്രികൾ വില്പന കട	ആകെ
1			10			4	6			2		1	23
2		3	10				3						16
3			8			1	3						12
4		2	19	2		11	20	2	4	2		7	69
5	1		14	2		6	29				1	4	57
6	16	2	25	17		37	161	5	22	4	5	25	319
7	4	2	18	4	1	10	90	9	11		2	13	164
8			9			2	2			3			16
9			16			3	11					1	31
10	1		10			3	7		1	1		3	26
11	1		11			2	12		1	2	1	3	33
12			14			4	10	1	1				30
13			12	1		5	13		3	2		2	38
14		2	11			6	17				1	2	39
15	1	2	10		1	6	7					2	29
16	2	4	14			14	24	1	1		2	9	71
17			5			4	2						11
18			14			5	7					1	27
ആകെ	26	17	230	26	2	123	424	18	44	16	12	73	1,011


നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്ന 230 ഓളം കടകൾ നമ്മുടെ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്.123 ഭക്ഷണം/പാനീയങ്ങൾ വിൽക്കുന്ന കടകളും വീട്ടുപകരണങ്ങൾ വിലക്കുന്ന 73കടകളും വസ്ത്രം അനുബന്ധ സാമഗ്രികൾ വിൽക്കുന്ന 44 കടകൾ പഠനം/വിനോദ സാമഗ്രികൾ വിൽക്കുന്ന 26 കടകളും ആഭരണങ്ങൾ വിൽക്കുന്ന 26 കടകളും തടി/ഉകലുമായി ബന്ധപ്പെട്ട 17കടകളും മെഡിക്കൽ അനുബന്ധ സാമഗ്രികൾ വിൽക്കുന്ന 18 കടകളും ഇവ കൂടാതെ 424മറ്റ് കടകളും പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്.

ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ :

വ്യവസായ സ്ഥാപനങ്ങൾ :

വാർഡ് നമ്പർ	വാർഡ്	ലൈസൻസ്ഇല്ല	ലൈസൻസ്ഉണ്ട്	ആകെ
1	ഒറപ്പടി	1	3	4
2	കണ്ടക്കൈ	2	2	4
3	കോട്ടയാട്	2	3	5
4	ഇരുവാപ്പുഴ നമ്പ്രം	3	12	15
5	പെരുവങ്ങൂർ	2	18	20
6	വേളം	0	5	5
7	മയ്യിൽ	0	3	3
8	വള്ളിയോട്ട്	5	2	7
9	തായംപൊയിൽ	5	7	12
10	നിരന്തോട്	0	5	5
11	അരയിടത്ത്ചിറ	2	6	8
12	ചെറുപഴശ്ശി	1	6	7
13	പെരുമാച്ചേരി	3	8	11
14	മേച്ചേരി	3	7	10
15	കയരളം	4	6	10
16	നണിയൂർ നമ്പ്രം	2	16	18
17	അരിമ്പ്ര		4	4
18	മുല്ലക്കൊടി	1	3	4
ആകെ		36	116	**152**

152 വ്യവസായ സ്ഥാപനങ്ങളാണ് മയ്യിൽ പഞ്ചായത്തിന് കീഴിൽ വരുന്നത്. അതിൽ 116 എണ്ണം ലൈസൻസ് ഉള്ളവയാണ്.എന്നാൽ 36 എണ്ണം സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാത്തവയാണ്.ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ വരുന്നത് അഞ്ചാം വാർഡിലും പതിനാറാം വാർഡിലും ആണ്.



മയ്യിൽ പഞ്ചായത്തിൽ 152 ചെറിയ വ്യവസായ സ്ഥാപനങ്ങൾ ആണുള്ളത് അവയിൽ 76% സ്ഥാപനങ്ങളും ലൈസൻസ് ഉള്ളവയാണ്. എന്നാൽ 24% സ്ഥാപനങ്ങൾക്ക് ലൈസൻസ് ഇല്ല .

വാണിജ്യ സ്ഥാപനങ്ങൾ :

വാർഡ് നമ്പർ	സ്ഥാപനത്തിന്റ ഉടമസ്ഥാവകാശം	ലൈസൻസ് ഇല്ല	ലൈസൻസ് ഉണ്ട്	ആകെ
1	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)		1	1
	മറ്റുള്ളവ	1		1
	വ്യക്തിഗതം	3	18	21
2	വ്യക്തിഗതം	4	12	16
3	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)	1		1
	വ്യക്തിഗതം	4	7	11
4	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)	1	4	5
	വ്യക്തിഗതം	18	46	64

	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)	1	7	8
	വ്യക്തിഗതം	5	43	48
5	സഹകരണം		1	1
	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)	1	14	15
	മറ്റുള്ളവ		2	2
	വ്യക്തിഗതം	12	283	295
	സഹകരണം		4	4
6	സർക്കാർ		3	3
	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)	1	19	20
	വ്യക്തിഗതം	9	122	131
	സഹകരണം		12	12
7	സർക്കാർ		1	1
	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)		1	1
8	വ്യക്തിഗതം	6	9	15
	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)	1	1	2
9	വ്യക്തിഗതം	8	21	29
	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)		1	1
10	വ്യക്തിഗതം	11	14	25
	വ്യക്തിഗതം	10	22	32
11	സർക്കാർ		1	1
	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)		1	1
12	മറ്റുള്ളവ	1		1

	വ്യക്തിഗതം	10	3	28
13	വ്യക്തിഗതം	7	31	38
	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)		1	1
	മറ്റുള്ളവ		1	1
14	വ്യക്തിഗതം	6	31	37
	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)		4	4
15	വ്യക്തിഗതം	4	21	25
	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)		2	2
	വ്യക്തിഗതം	17	51	68
16	സഹകരണം	1		1
17	വ്യക്തിഗതം	4	7	11
	ഒന്നിലധികംവ്യക്തികൾ (പാർട്ട്ണർഷിപ്പ്)	1	2	3
	മറ്റുള്ളവ	1		1
	വ്യക്തിഗതം	7	15	22
18	സർക്കാർ		1	1
ആകെ		**156**	**840**	**1011**

1011 വാണിജ്യ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നു.വ്യക്തിഗതം, ഒന്നിലധികം വ്യക്തികൾ നടത്തുന്നത്, സർക്കാർ, സഹകരണം തുടങ്ങിയ പല മേഖലയിലുള്ള വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.മിക്കതും പഞ്ചായത്തിന് വളരെയധികം വരുമാനം നേടിത്തരുന്നവയാണ്.പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിലൂടെ മയ്യിൽ പ്രദേശത്തിന് ഒരുപാട് വികസനം സാധ്യമായിട്ടുണ്ട്.

തൊഴിലാളികളുടെ എണ്ണം :

സ്ഥാപന തിന്റെ തരം	സ്ഥിരതാമസമുള്ള പുരുഷൻ - എണ്ണം	സ്ഥിരതാമസമുള്ള സ്ത്രീ - എണ്ണം	അന്യസംസ്ഥാന പുരുഷൻ - എണ്ണം	അന്യസംസ്ഥാന സ്ത്രീ - എണ്ണം	താൽക്കാലിക പുരുഷൻ - എണ്ണം	താൽക്കാലിക സ്ത്രീ - എണ്ണം
വ്യവസായ സ്ഥാപനങ്ങൾ	285	189	275	125	92	24
വാണിജ്യ സ്ഥാപനങ്ങൾ	147	328	94	42	62	2
ആകെ	332	517	369	167	154	26

മയ്യിൽ പ്രദേശത്തെ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളിലൂടെ അനേകം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 332 സ്ഥിരം ജീവനക്കാരായ പുരുഷന്മാരും 167 സ്ത്രീകളും ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുവരുന്നു.517 പുരുഷന്മാരും 154 സ്ത്രീകളും താൽക്കാലികമായും ഇവിടങ്ങളിൽ ജോലി ചെയ്യുന്നുണ്ട്.369 അന്യ-സംസ്ഥാന പുരുഷന്മാരും 26 അന്യ-സംസ്ഥാന സ്ത്രീകളും ജോലി ചെയ്യുന്നുണ്ട്.

സ്ഥാപനങ്ങളിലെ അടിസ്ഥാന സൌകര്യങ്ങൾ :


വാണിജ്യ സ്ഥാപനങ്ങൾ :

വാർഡ് നമ്പർ	ശൗചാലയമുണ്ടോ		
	ഇല്ല	ഉണ്ട്	ആകെ
1	10	13	23
2	13	3	16
3	4	8	12
4	25	44	69
5	27	30	57
6	142	176	319
7	47	117	164
8	9	7	16
9	23	8	31
10	19	7	26
11	14	19	33
12	21	9	30
13	19	19	38
14	25	14	39
15	20	9	29
16	7	64	71
17	9	2	11
18	12	15	27
ആകെ	446	563	1,011

1011ഓളം ചെറുതും വലുതുമായ വാണിജ്യ സ്ഥാപനങ്ങൾ മയ്യിൽ പ്രദേശത്ത് പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്നുണ്ട്.ഇവയിൽ 563 സ്ഥാപനങ്ങൾ ശൗചാലയമുള്ളവയാണ്. എന്നാൽ 446 എണ്ണം ശൗചാലയങ്ങൾ ഇല്ലാത്തവയാണ്.നാട്ടിൻപുറങ്ങളിൽ പ്രവർത്തിക്കുന്ന പഴയ അനാദി കടകളിലൊന്നും ശൗചാലയങ്ങൾ ഇല്ല.മറ്റ് ചില ചുരുക്കം കടകളിലും ശൗചാലയങ്ങൾ ഇല്ല.ചെറിയ ചെറിയ കടകളിൽ കോമൺ ടോയിലറ്റ് സൗകര്യങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്.

വ്യവസായ സ്ഥാപനങ്ങൾ:

വാർഡ്	ശൗചാലയമുണ്ടോ		
	ഇല്ല	ഉണ്ട്	ആകെ
1	1	3	4
2	3	1	4
3	4	1	5
4	4	11	15
5	8	12	20
6	3	2	5
7	1	2	3
8	1	6	7
9	10	2	12
10	1	4	5
11	2	6	8
12	5	2	7
13	6	5	11
14	8	2	10
15	7	3	10
16	4	14	18
17	4	0	4
18	2	2	4
ആകെ	74	78	152



ശൗചാലയങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒട്ടുമിക്ക സ്ഥാപനങ്ങളിലും ഉണ്ട്.എന്നാൽ വ്യവസായ സ്ഥാപനങ്ങൾ എടുക്കുമ്പോൾ സ്ഥലപരിമിതിയും മറ്റ് സാഹചര്യങ്ങളും കാരണം മിക്ക സ്ഥാപനങ്ങളിലും ശൗചാലയത്തിനുള്ള സൗകര്യം കാണുന്നില്ല. 49% വ്യവസായ സ്ഥാപനങ്ങളിലും ശൗചാലയമില്ല.ബാക്കി വരുന്ന 51% സ്ഥാപനങ്ങൾ ശൗചാലയം ഉള്ളവയാണ്.

അദ്ധ്യായം 7

തൊഴിൽ


ലോകത്ത് സംഭവിക്കുന്ന മാറ്റങ്ങൾ ഉൾകൊണ്ട് കൊണ്ട് കേരളത്തിൽ ഒരു വൈജ്ഞാനിക സമ്പത്ത് വ്യവസ്ഥ സൃഷ്ടിക്കുന്നതിനും ഇവിടുത്തെ മനുഷ്യവിഭവ ശേഷിക്ക് അനുയോജ്യമായ വൈജ്ഞാനിക തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയും രൂപം കൊണ്ടിട്ടുള്ള കേരളനോളജ് ഇക്കോണമി മിഷൻ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പഞ്ചായത്താണ് മയ്യിൽ പഞ്ചായത്ത്. വികേന്ദ്രീകൃത തൊഴിൽ മാതൃക പ്രോത്സാഹിപ്പിച്ചുകൊണ്ട് ആഗോള തൊഴിൽ കമ്പോളത്തിൽ കേന്ദ്രീകരിച്ച് അതുവഴി ലഭ്യമാകുന്ന പുതുതലമുറ തൊഴിലുകൾ അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകരിലേക്ക് എത്തിക്കുന്നു.സർക്കാർ ജോലിയും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലിയും പരിമിതമാണ്.അതിനാൽ അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകർക്ക് ദേശീയ അന്തർദേശീയ തലത്തിൽ പുതുതായി സൃഷ്ടിക്കപ്പെടുന്ന കോർപ്പറേറ്റ്-സ്വകാര്യമേഖലയിലെ തൊഴിലുകൾക്ക് ആവശ്യമായ പരിശീലനം നല്കി തൊഴിലിലേക്കെത്തിക്കാൻ ലക്ഷ്യമിടുന്നു. അതുപോലെ പ്രാദേശികതൊഴിൽ ലഭ്യമാക്കി അഭ്യസ്തവിദ്യരായ വീട്ടമ്മമാരായ യുവതികളെയും തൊഴിലിലേക്കെത്തിക്കാൻ പഞ്ചായത്ത് ലക്ഷ്യമിടുന്നു.പരമ്പരാഗത തൊഴിലുകൾ മാറ്റങ്ങൾക്ക് വിധേയമാവുകയോ ഇല്ലാതാവുകയോ ചെയ്തതായി നമ്മുടെ തൊഴിൽ മേഖല നിരീക്ഷിച്ചാൽ മനസ്സിലാക്കാം. സ്വർണ്ണപ്പണി, ബാർബർഷോപ്പ് എന്നിങ്ങനെയുള്ള വിവിധ മേഖലകൾ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്.

18 നും 40 നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ കേരള നോളജ് ഇക്കോണമി മിഷൻ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് രൂപീകരിച്ചിട്ടുള്ള ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെൻറ് സിസ്റ്റത്തിൽ കുടുംബശ്രീയിൽ നിയമിച്ചിട്ടുള്ള കമ്മ്യൂണിറ്റി അംബാസ്സഡർ വഴി റജിസ്റ്റർ ചെയ്യിപ്പിച്ച് തൊഴിൽ അന്വേഷകർക്ക് വേണ്ടുന്ന നിർദേശങ്ങൾ നല്കി തൊഴിലിലേക്ക് എത്തിക്കുന്നു.ഇതിനായി തൊഴിൽ സഭകളും ക്ലസ്റ്റർ മീറ്റിങ്ങുകളും സംഘടിപ്പിച്ച് തൊഴിലന്വേഷകരെ വാർഡ്തല തൊഴിൽ കള്ബുകളിൽ ചേർത്ത് അവർക്ക് വേണ്ടുന്ന നിർദേശങ്ങൾ നല്കുന്നു.പഞ്ചായത്തിലെ ഏകദേശം 1700 പേരെ ഡി ഡബ്ലു എം എസ് ആപ്പിൽ രജിസ്റ്റർ ചെയ്യിപ്പിക്കുകയും 500 പേർക്ക് വിവിധ കരിയർ സപോർട്ട് സേവനങ്ങൾ ലഭ്യമാക്കാനും 100 ലധികം പേരെ വിവിധ ഇൻറർവ്യൂകളിൽ എത്തിക്കാനും കമ്മ്യൂണിറ്റി അംബാസ്സഡർ വഴി സാധിച്ചിട്ടുണ്ട്.തൊഴിൽ ക്ലബ്ബുകൾ വഴി ഷെയർ ചെയ്യുന്ന വാക്കൻസികൾ വഴി 50 ഓളം പേർ 2024 വർഷം നിലവിൽ സ്വകാര്യസ്ഥാപനങ്ങളിൽ വിവിധ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നു. തൊഴിൽ രഹിതരും തൊഴിൽ അന്വേഷകരും ആയിട്ടുള്ള 1873 പേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്നാണ് വിവരസഞ്ചയിക റിപ്പോർട്ട് വ്യക്തമാക്കുന്നത്.തൊഴിൽ രഹിതരായിട്ടുള്ള രജിസ്റ്റർ ചെയ്യാത്ത തൊഴിൽ അന്വേഷകരെ കൂടി കണ്ടെത്തി ഡിഡബ്ലുഎംഎസ് ആപ്പിൽ രജിസ്റ്റർ ചെയ്യിക്കേണ്ടതായിട്ടുണ്ട്.പഞ്ചായത്തിൽ നിലവിൽ വന്നിട്ടുള്ള ജോബ് സ്റ്റേഷൻ വഴി പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.ആവശ്യമുള്ള ഉദ്യോഗാർകൾക്ക് സ്കിൽ ടെയിനിങ് കൊടുത്തുവരുന്നു.

ഇവ കൂടാതെ സ്വയം തൊഴിൽ പരിശീലനം ആവശ്യമുള്ളവരെ കണ്ടെത്തി പഞ്ചായത്തിന്റെ തൊഴിൽ പരിശീലനം വഴി 20 വനിതകൾക്ക് മൊബൈൽ ഫോൺ ടെക്നീഷ്യൻ പരിശീലനം പഞ്ചായത്തിൽ വച്ച് നല്കിയിട്ടുണ്ട്.മറ്റ് പരിശീലനത്തിന് താല്പര്യമുള്ളവരെ റൂഡ്സെറ്റ് പോലുള്ള സ്ഥാപനങ്ങളിലേക്ക് അയക്കുകയും ചെയ്യുന്നു.

പ്രധാന തൊഴിൽ മേഖലകൾ :

വാർഡ്	തൊഴിൽ മേഖലകൾ									
	കച്ചവടം	കലാ സാഹിത്യ മേഖലയിലെ ജോലി	കാർഷികവൃത്തി	കാർഷികേതര തൊഴിൽ	കേന്ദ്ര സർക്കാർ ജീവനം	കേരള സർ ക്കാർ ജീവനം	കർഷക തൊഴിലാളി	ഗൃഹ ഭരണം	തൊഴിൽ രഹിതരും തൊഴിൽ അന്വേഷകരും	പരമ്പരാഗത തൊഴിൽ
1	31	4	67	241	3	43	10	337	198	20
2	15		33	185	5	19	10	276	144	24
3	16		28	147	3	49	3	351	59	18
4	28		27	201	2	19	2	315	129	17
5	32		16	36	3	18	2	469	20	6
6	25	3	8	169	7	59	3	303	64	4
7	14	1	14	200	7	38	4	404	97	11
8	7		13	34	2	31	2	355	94	27
9	16		76	231	5	64	20	492	53	18
10	18		17	249	4	31	8	364	168	14
11	22		18	421	3	34	2	486	87	14
12	16		11	332	3	34	16	719	172	11
13	24		10	267	2	48	6	520	77	20
14	16		20	202	3	51	11	241	93	27
15	7	1	35	229	5	25	29	397	47	42
16	16	1	42	63	2	23	12	371	197	19
17	10		66	63	2	9	2	282	102	13
18	20		10	9	2	34	3	376	72	3
ആകെ	333	10	516	3,279	63	629	145	7,058	1,873	308



പഞ്ചായത്തിലെ മുഴുവൻ തൊഴിൽ മേഖല എടുക്കുമ്പോൾ 3279 പേർ കാർഷികേതര തൊഴിൽ ചെയ്യു ജീവിക്കുന്നവരാണ്. 1056 പേർ സ്വയം തൊഴിൽ ചെയ്യുന്നവരും 308 പേർ പരമ്പരാഗത തൊഴിൽ ചെയ്യുന്നവരുമാണ്.**629 പേർ കേരളസർക്കാർ ജീവനക്കാരും 63 പേർ കേന്ദ്ര ജീവനക്കാരും ആണ്.**516പേർ കാർഷികവൃത്തി ചെയ്യു ജീവിക്കുന്നവരും 145 പേർ കർഷക തൊഴിലാളികളും ആണ്.834 പേർ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരും 287 പേർ സ്വകാര്യ പ്രൊഫഷണൽ ജോലി ചെയ്യുന്നവരും ആകുമ്പോൾ 183 പേർ സഹകരണ മേഖലയിൽ ജോലി ചെയ്യുന്നവരുമാണ്.103പേർ പൊതുമേഖലാ സ്ഥാപനങ്ങളിളും ജോലി ചെയ്യുന്നു.കൂടാതെ 645പേർ പെൻഷനേഴ്സ് ആണ്.

18

വാർഡ്	തൊഴിൽ മേഖലകൾ								
	പൊതുമേഖല സ്ഥാപനങ്ങളിലെ സ്ഥിരം ജോലി	ബാധകമല്ല	മറ്റ് ജോലി	ശാരീരികമായോ മാനസികമായോ ജോലി ചെയ്യാൻ സാധിക്കില്ല	സഹകരണ മേഖല	സ്വകാര്യ/സ്ഥാപനങ്ങളിലെ ജോലികൾ	സ്വകാര്യ വ്യക്തികളുടെ ജോലി	സ്വയം തൊഴിൽ	സർവീസ് പെൻഷണർ
1	7	146	146	203	15	58	35	85	23
2	7	87	23	65	14	59	4	63	33
3	12	73	116	102	13	45	17	77	49
4	17	96	88	120	10	29	18	100	19
5	5	126	227	39		25	13	15	13
6	2	71	33	20	12	39	17	21	93
7	9	100	16	61	7	60	12	35	73
8	3	128	358	99	13	48	11	74	30
9	5	108	102	90	17	51	12	59	33
10		126	111	124	10	32	14	23	19
11	5	158	82	102	7	54	8	17	25
12	1	206	16	132	8	59	9	56	19
13	4	113	95	118	5	31	6	39	31
14	12	67	122	90	10	64	23	73	61
15	3	77	12	48	16	80	33	45	28
16	3	111	166	109	8	62	22	156	26
17	2	359	285	147	14	25	7	106	29
18	6	102	307	124	4	13	26	12	41
ആകെ	**103**	**2,254**	**2,305**	**1,793**	**183**	**834**	**287**	**1,056**	**645**

വയസ്സിൽ താഴെയുള്ളവർ 2254 പേരും ശാരീരികമായോ മാനസികമായോ ജോലി ചെയ്യാൻ സാധിക്കാത്തവർ 1793 പേരും 7058 വീട്ടമ്മമാരും തൊഴിൽ രഹിതരായിട്ടുള്ള 1873 പേരും മയ്യിൽ പഞ്ചായത്തിലുണ്ട്.

തൊഴിൽ മേഖല തിരിച്ച് കുടുംബങ്ങൾ :

തൊഴിലുറപ്പ്:

വാർഡ്	തൊഴിലുറപ്പ് പദ്ധതി	
	എൻറോൾചെയ്ത ആളുകളുടെ എണ്ണം	2023-24ൽജോലി ചെയ്ത ദിവസങ്ങളുടെ എണ്ണം
1	250	8066
2	99	5543
3	85	6943
4	155	5748
5	77	3071
6	77	3493
7	67	3545
8	103	7675
9	119	4054
10	112	6517
11	101	5327
12	87	6873
13	85	6099
14	182	5584
15	91	5386
16	85	5254
17	133	6942
18	80	3240
ആകെ	1988	99360

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നല്ല രീതിയിൽ നടത്തി വരുന്ന ഒരു പഞ്ചായത്താണ് മയ്യിൽ പഞ്ചായത്ത്.തൊഴിൽ രഹിതരായിട്ടുള്ള 35ന് മുകളിൽ പ്രായമുള്ള മിക്ക സ്ത്രീകളും ഇന്ന് നമ്മുടെ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ റജിസ്റ്റർ ചെയ്ത് തൊഴിൽ ചെയ്യുന്നവർ ആണ്.1988 പേർ ആണ് നിലവിൽ 2023-2024 കാലഘട്ടത്തിൽ ജോലി ചെയ്തിട്ടുള്ളത്.2023-2024 വർഷത്തിൽ 99360 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ :

വാർഡ്	അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ വയസ്സ് അടിസ്ഥാനത്തിൽ							
	18-30		31-40		41-50		51+	
	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
1	36	98	3	52	1	1	5	1
2	16	52	2	56	1	11	3	3
3	32	17	3	6	0	0	1	0
4	28	52	2	36	2	7	1	1
5	11	7	1	0	1	0	0	0
6	14	23	3	16	1	5	0	0
7	31	35	5	23	0	2	1	0
8	16	50	5	23	0	2	1	0
9	19	21	0	9	0	1	0	1
10	33	83	6	39	0	3	2	2
11	10	68	1	8	0	0	0	0
12	42	72	5	37	2	6	4	3
13	37	30	0	7	0	0	2	1
14	35	36	1	14	1	3	1	2
15	13	18	1	13	0	1	1	0
16	75	80	7	28	0	3	0	4
17	27	41	6	21	2	5	0	0
18	14	32	2	22	1	0	0	1
ആകെ	489	815	53	410	12	50	22	19

മയ്യിൽ പഞ്ചായത്തിലെ ആകെ ജനസംഖ്യ എന്നു പറയുന്നത് 36658 ആണ്.18നും 30നും ഇടയിൽ പ്രായമുള്ള 489 പുരുഷന്മാർ ആണ് തൊഴിൽരഹിതർ ആയിട്ടുള്ളത്.സ്ത്രീകളുടെ കണക്കുകൾ എടുക്കുമ്പോൾ 815 എണ്ണം വരും.31നും 40നും ഇടയിലുള്ള കണക്കുകൾ പ്രകാരം 53 പുരുഷന്മാരും 410 സ്ത്രീകളും തൊഴിൽ രഹിതർ ആണ്.41നും 50നും ഇടയിലുള്ളവർ പുരുഷന്മാർ 12ഉം സ്ത്രീകൾ 50 ആണ്.51 മുകളിലുള്ള കണക്കുകൾ പ്രകാരം 22 പുരുഷന്മാരും 19 സ്ത്രീകളും ആണ് തൊഴിൽ രഹിതരായിട്ടുള്ളത്.

പരമ്പരാഗത തൊഴിൽ:

വാർഡ് നമ്പർ	പരമ്പരാഗത തൊഴിൽ മേഖലകൾ						
	ആശാരി	കള്ള് ചെത്ത്	കൊല്ല പണി	തട്ടാൻ	നെയ്ത്ത്	മത്സ്യ ബന്ധനം	മറ്റുള്ളവ
1		13				6	1
2	10	12				1	1
3	6	5		1	2	3	1
4	9	4	1	1	1	1	
5	2			2			2
6	3				1		
7	6				4		
8	11	3			1		12
9	5				11		2
10	4	3			7		
11	5				1	1	7
12	4	6				1	
13	6	10		1			3
14	12	6	1		8		
15		31			4		7
16	9	4	1				5
17	1	11		1			
18				1	1		1
ആകെ	93	108	3	7	41	13	42

പരമ്പരാഗത തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണെന്നാണ് കണക്കുകൾ പറയുന്നത്.ഇപ്പോഴത്തെ ചെറുപ്പക്കാർ പരമ്പരാഗത തൊഴിൽ ചെയ്യാൻ വിമുഖത കാണിക്കുന്നു.പഞ്ചായത്തിലെ മൊത്തം കണക്കുകൾ എടുക്കുമ്പോൾ ഏറ്റവും കൂടുതൽ ചെയ്യ കണ്ടു വരുന്ന പരമ്പരാഗത തൊഴിൽ കള്ളുചെത്ത് തൊഴിൽ ആണ്.108 പേർ ഈ തൊഴിൽ ചെയ്യ ജീവിക്കുന്നു. കൂടാതെ 93 പേർ ആശാരിപ്പണി ചെയ്യുന്നുണ്ട്.41 പേർ നെയ്ത്തുപണി ചെയ്യുമ്പോൾ 13 പേർ മത്സ്യബന്ധനം നടത്തിയും ജീവിക്കുന്നു.7 പേർ തട്ടാൻ(സ്വർണ്ണപ്പണി),3 പേർ കൊല്ലപ്പണി എന്നിവയും ജീവിതമാർഗമായി സ്വീകരിച്ചവർ ആണ്.42 പേർ മറ്റ് തൊഴിലുകളും ചെയ്യുന്നു.

അദ്ധ്യായം 8

വിദ്യാഭ്യാസം

ആമുഖം :

6 മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൌജന്യവും നിർബന്ധിതവും ആയ വിദ്യാഭ്യാസം 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം ഉറപ്പുവരുത്തുന്നു. കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം ഒരുക്കുക എന്നുള്ളത് പ്രാദേശിക ഭരണകൂടങ്ങളുടെ ചുമതല കൂടിയാണ്.അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കിക്കൊണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തേണ്ടതുണ്ട്.16 പൊതു വിദ്യാലയങ്ങളും 1 അൺ-എയിഡഡ് വിദ്യാലയവും 29 അംഗൻ വാടികളും ഒരു ബഡ്സ് സ്കൂളും ഒരു ബേബിക്രഷും സമഗ്ര ശിക്ഷയുടെ കീഴിൽ പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററും ചേർന്നതാണ് മയ്യിൽ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.ഭിന്നശേഷി കുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നമ്മുടെ പഞ്ചായത്ത് ഊന്നൽ നല്കുന്നു. പഞ്ചായത്തിലെ 130 ഭിന്നശേഷി കുട്ടികൾ ഇപ്പോൾ സ്കൂളുകളിൽ പഠിക്കുന്നു.സ്കൂളുകളിൽ കുടിവെള്ളം, ശൌചാലയങ്ങൾ,നല്ല ക്ലാസ്സ് മുറികൾ,പഠനോപകരണങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിൽ ഏറെ മുന്നേറിയിട്ടുണ്ടെങ്കിലും 100% സൌകര്യങ്ങളൊരുക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല.

എല്ലാ വിദ്യാലയങ്ങളിലും ഇന്റർനെറ്റ് സൌകര്യം ഒരുക്കൽ,സ്മാർട്ട്-ക്ലാസ്സ് റൂമുകൾ ആക്കൽ,കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കളിസ്ഥലം ഒരുക്കൽ, കളി ഉപകരണങ്ങൾ ഒരുക്കൽ എന്നിവ അത്യാവശ്യമാണ്.പട്ടികജാതി,ഭിന്നശേഷി മേഖലയിലുള്ള കുട്ടികളുടെ ഉന്നമനത്തിനായി ഊന്നൽ കൊടുത്തുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്.ടോയിലെറ്റുകൾ ഗേൾസ് ഫ്രണ്ട് ലി ആക്കുന്നത് മാറി വരുന്ന സാഹചര്യത്തിൽ അത്യന്താപേക്ഷിതമാണ്. ശിശുസൌഹൃദ ക്ലാസ്സ് മുറികൾ എന്നത് പഞ്ചായത്തിലെ 5000 ഓളം വരുന്ന വിദ്യാർഥികളുടെ വിദ്യാഭ്യാസ-സാംസ്കാരിക ഉന്നമനത്തെ സ്വാധീനിക്കുന്നു. പൊതുവിദ്യാലയങ്ങളുടെ സുസ്ഥിര വികസനം എന്നത് ആ നാട്ടിലെ ഓരോ കുട്ടിയുടെയും ആവശ്യവും അത്യന്താപേക്ഷിതവുമായ കാര്യമാണ്.വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അവ ഏറ്റവും നൂതനവും മികവുറ്റതും ആയിരിക്കണം.

സാക്ഷരത :

മയ്യിൽ പഞ്ചായത്തിലെ തുടർവിദ്യാ കേന്ദ്രം വഴി നിരക്ഷരർ,നവ-സാക്ഷരർ സ്കൂളിൽ നിന്നും കൊഴിഞ്ഞു പോയവർ തുടങ്ങി ഒട്ടേറെ പേർക്ക് സാക്ഷരത ലഭിച്ചിട്ടുണ്ട്.സാക്ഷരത പ്രേരക്മാരാണ് വിദ്യാ-കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നത്.അടിസ്ഥാന സാക്ഷരത പരിപാടി, നാലാം ക്ലാസ്സ്,ഏഴാം ക്ലാസ്സ്,പത്താം ക്ലാസ്സ് എന്നിവയ്ക്ക് തത്തുല്യമായ തുല്യതാ പരിപാടി,കൃത്യസമയത്ത് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട 15 വയസ്സിനുമേൽ പ്രായമുള്ളവർക്ക് നഷ്ടപ്പെട്ട വിദ്യാഭ്യാസം വീണ്ടെടുത്ത് തുടരാനും ഇത് വഴി സാധിച്ചിട്ടുണ്ട്.പത്താംതരം തുല്യതയ്ക്ക് പ്രായപരിധി 17 വയസ്സ് ആണ്.2015 മുതൽ ഹയർ സെക്കണ്ടറി തുല്യത ആരംഭിച്ചു.കൂടാതെ പച്ചമലയാളം,ഉഡ്-ഇംഗ്ലീഷ്,അഛരീ-ഹിന്ദി തുടങ്ങിയ കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ:

സീ. നം.	മയ്യിൽ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ				
	സ്ഥാപനത്തിന്റെ പേര്	ഉടമസ്ഥത	വിദ്യാർത്ഥികളുടെഎണ്ണം (2023-24 AY)	അദ്ധ്യാപകരുടെ എണ്ണം	അനദ്ധ്യാപക രുടെ എണ്ണം
1	AEMS ഇംഗ്ലീഷ് മീഡിയം സ്കൂൾ	മറ്റുള്ളവ	15	4	0
2	ചെറുപഴശ്ശി എഎൽപി സ്കൂൾ	എയ്ഡഡ്	47	5	1
3	ചെറുപഴശ്ശി വെസ്റ്റ്എഎൽപി സ്കൂൾ	എയ്ഡഡ്	139	7	1
4	ഗവ സ്കൂൾ കോരളായി	സർക്കാർ	44	5	1
5	ഐഎംഎൻഎസ് ജിഎച്ച്എസ്എസ്	സർക്കാർ	3305	116	9
6	കണ്ടക്കൈ കൃഷ്ണവിലാസം എ എൽ പി സ്കൂൾ	എയ്ഡഡ്	99	6	1
7	കണ്ടക്കൈ എഎൽപി സ്കൂൾ	എയ്ഡഡ്	138	8	1
8	കയരളം എയുപി സ്കൂൾ	എയ്ഡഡ്	327	15	2
9	കയരളം നോർത്ത് എഎൽപി സ്കൂൾ	എയ്ഡഡ്	51	6	1
10	മയ്യിൽ എഎൽപി സ്കൂൾ	എയ്ഡഡ്	775	20	1
11	മുല്ലക്കൊടി മാപ്പിള എഎൽപി സ്കൂൾ	എയ്ഡഡ്	52	5	0
12	മുല്ലക്കൊടി എയുപി സ്കൂൾ	എയ്ഡഡ്	235	15	1
13	നണിയൂർ നമ്പറം ഹിന്ദു എയുപി സ്കൂൾ	എയ്ഡഡ്	75	5	0
14	നണിയൂർ നമ്പറം എഎൽപി സ്കൂൾ	എയ്ഡഡ്	67	5	2
15	പെരുമാച്ചേരി എയുപി സ്കൂൾ	എയ്ഡഡ്	279	15	1
16	പെരുവങ്ങൂർ എഎൽപി സ്കൂൾ	എയ്ഡഡ്	144	10	2
17	തായംപൊയിൽ എഎൽപി സ്കൂൾ	എയ്ഡഡ്	43	2	1

17.ൽ അധികം വിദ്യാർഥികൾ ഉള്ള പഞ്ചായത്താണ് നമ്മുടെ മയ്യിൽ പഞ്ചായത്ത് 5000വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.അതിൽ എയിഡഡ് എണ്ണം 14 എണ്ണം സർക്കാർ സ്കൂളും 2 സ്ഥാപനങ്ങളും ആണ്.കൂടാതെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും പ്രവർത്തിക്കുന്നുഹയർ .ഒരേയോരു ഗവ. സെക്കണ്ടറി സ്കൂൾ മയ്യിൽ പഞ്ചായത്തിലെ ഐഎംഎൻഎസ് ജിഎച്ച്എസ്എസ് ആണ്മറ്റൊരു. പ്രധാന സർക്കാർ സ്കൂൾ ആണ് കോറളായിൽ വരുന്ന ഗവൺമെന്റ് എൽപി സ്കൂൾ .

വിദ്യാർഥികളുടെ എണ്ണം ക്ലാസ് അടിസ്ഥാനത്തിൽ:

ക്ലാസ്സ്	വിദ്യാർഥികൾ		
	ആൺ	പെൺ	ആകെ
1	155	171	326
2	151	130	281
3	166	189	355
4	189	219	408
5	198	204	402
6	256	217	473
7	294	256	550
8	273	297	570
9	295	303	598
10	305	318	623
ആകെ	**2282**	**2304**	**4586**

മയ്യിൽ പഞ്ചായത്തിലെ സ്കൂളുകളിൽ 1 മുതൽ 10 വരെ പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണം 4586 ആണ്.അതിൽ 2282 പേർ ആൺകുട്ടികളും 2304 പേർ പെൺകുട്ടികളും ആണ്.ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നത് പത്താം ക്ലാസ്സിൽ ആണ്,623 വിദ്യാർഥികൾ. തൊട്ട് താഴെ 598 വിദ്യാർഥികൾ ഒമ്പതാം ക്ലാസ്സിലും,570 വിദ്യാർഥികൾ എട്ടാം ക്ലാസ്സിലും പഠിക്കുന്നുണ്ട്.ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്നത് ഐഎംഎൻഎസ്ജിഎച്ച്എസ്എസ് മയ്യിലിൽ ആണ്.ഇത് കൂടാതെ പ്ലസ്-വൺ,പ്ലസ്ടു വിദ്യാർഥികളും അവിടെ പഠിക്കുന്നുണ്ട്.100% വിജയം കൈവരിക്കുന്ന മയ്യിലിലെ പ്രധാന സർക്കാർ സ്കൂൾ കൂടിയാണ് ഐഎംഎൻഎസ് ജിഎച്ച്എസ്എസ്.

വിദ്യാഭാസ യോഗ്യത അടിസ്ഥാനത്തിൽ :

പൊതു വിദ്യാഭ്യാസ യോഗ്യത	ആകെ
ബിരുദാനന്തര ബിരുദം	930
ബിരുദം	3470
പന്ത്രണ്ടാം തരം	5,642
പതിനൊന്നാം തരം	736
പത്താം തരം	5998
ഒമ്പതാം തരം	1700
എട്ടാം തരം	1,528
ഏഴാം തരം	1802
ആറാം തരം	923
അഞ്ചാം തരം	1855
നാലാം തരം	1606
മൂന്നാം തരം	850
രണ്ടാം തരം	712
ഒന്നാം തരം	522
പ്രി പ്രൈമറി	1163
സാക്ഷരർ പക്ഷെ സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്തവർ	1458
ആകെ	**29732**

വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ മയ്യിൽ പഞ്ചായത്ത് വളരെയധികം മെച്ചപ്പെട്ട ഒരു പഞ്ചായത്താണ്.100 ശതമാനം സാക്ഷരത കൈവരിച്ച ഒരു പഞ്ചായത്താണ് മയ്യിൽ ഗ്രാമപഞ്ചായത്ത്.ബിരുദാനന്ത ബിരുദ യോഗ്യതയുള്ളതോ/ പഠിക്കുന്നതോ ആയ 930 പേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.3470 പേർ ബിരുദ യോഗ്യതയുള്ളവരോ/ബിരുദത്തിന് പഠിക്കുന്നവരോ ആണ്.5642 പേർ പ്ലസ്-ടു യോഗ്യതയുള്ളവരോ/പ്ലസ്ടുവിന് പഠിക്കുന്നവരോ ആണ്.5998 പേരിൽ പത്താം ക്ലാസ്സ് വിദ്യാഭ്യാസം ഉള്ളവരും പത്താംക്ലാസ്സിൽ പഠിക്കുന്നവരും ഉൾപ്പെടുന്നു.

പ്രൊഫഷണൽ യോഗ്യത അടിസ്ഥാനത്തിൽ :

വാർഡ്	പ്രൊഫഷണൽ യോഗ്യത																	
	എൽ എൽ ബി	എം എഡ്	എം ബി എ	എംബിബിഎസ്	എം സി എ	എഞ്ചിനീയറിംഗ് ബിരുദം (സിവിൽഒഴികെ)	എഞ്ചിനീയറിംഗ് ബിരുദം (സിവിൽ)	ചാർട്ടേട് അക്കൗണ്ടന്റ്	ടി ടി സി	ഡി ഫാം	നഴ്സിംഗ്	പാരാ മെഡിക്കൽ കോഴ്സ്	ബി എ എം എസ്	ബി എഡ്	ബി ഡി എസ്	ബി ഫാം	ബി വി എസ് സി	മറ്റ് യോഗ്യത
1	2		1	3	1	7	5	1	11	1	9	5		42				11
2			2			3	3		19	2	7	1	1	17				12
3	2	1	5			10	6	1	25	2	7	2	1	39				25
4	2	1	3			5	2	2	10	1	8		1	18		3		719
5	1	1		3		1	3	3	6	2	5	5	1	4	1			589
6	1		8	1	1	8	3	3	29	3	7	7		44		1	2	704
7	3	1	2	1	1	16	12	5	27	1	14	1	3	47	1	1		29
8	3	3	8			7	4	4	28	2	5	7	2	18				326
9	1	1	5	1		2		4	34		5	2		22				173
10	1	2			2	2	6	1	18		4			12				45
11	1		2		2	16	2	4	15	1	7	5	1	26		3		15
12		12	7	1		8	2		22		6	6	2	15	2	2		7
13	1	1		3		5	3	2	15		1		1	21	5			8
14	3		3	1		10	5	1	29	1	10	3	3	53		3		21
15			3		2	3	13	1	17	1	3	8	2	22		3		230
16	1		7			13	9	3	12	1	7	6		15	1	2		18
17	1		6		1	8	4	1	11	1	7	3	1	22				27
18			7	1	7	20	13	3	22		6	5		30	1	1		35
ആകെ	19	9	65	15	14	138	95	36	329	17	118	65	18	448	11	19	2	2,988

വിദ്യാഭ്യാസത്തിൽ വളരെയധികം മുന്നോക്കം നിൽക്കുന്നവരാണ് ഇന്നത്തെ തലമുറ.അടിസ്ഥാന സൌകര്യങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും വർദ്ദിച്ചതോടെ മിക്കവാറും യുവാക്കളും യുവതികളും ഇഷ്ട വിദ്യാഭ്യാസത്തിനായി ദൂര സ്ഥലങ്ങളിൽ പോലും പോയി വിദ്യ അഭ്യസിക്കുന്നവരാണ്.പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയ അനേകം പേർ നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരാണ്.

പ്രത്യേക യോഗ്യത അടിസ്ഥാനത്തിൽ:

വാർഡ് നമ്പർ	പ്രത്യേക യോഗ്യത							
	എം ഫിൽ	കെടെറ്റ്, സി ടെറ്റ്	ടെക്നിക്കൽ സ്കൂൾ വിദ്യാഭ്യാസം	ഡോക്ടറേറ്റ്	നെറ്റ്	മറ്റു യോഗ്യത	വൊക്കേഷണൽ ഹയർ സെക്കണ്ടറി	സെറ്റ്
1		6		1	1	1	3	5
2		4			2	8		
3		4			1	2		
4		9	1		2	759		1
5		1	1	1	1	620		
6		16	2	2	1	788		2
7	1	2	1		2	5	7	6
8		12		1		350		2
9		7	7		2	179	3	5
10		2	2		4	4	1	2
11		2		1		6		
12			2		1	2	3	3
13						1		
14	3	2	1	2	2	5		2
15		3	1		1	240		1
16		5				16	1	2
17		3			2	7		
18					1	12		4
ആകെ	3	65	16	6	14	3,005	18	28

പ്രത്യേക യോഗ്യത ആയിട്ടുള്ള ടെറ്റ്,സെറ്റ്,നെറ്റ്,എംഫിൽ,ഡോക്ടറേറ്റ്, ടെക്നിക്കൽ വിദ്യാഭ്യാസം എന്നിവ നേടിയിട്ടുള്ള 28 പേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.മറ്റ് യോഗ്യതകളുള്ള 3005 പേരും ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

ഇ-സാക്ഷരത

തളിപ്പറമ്പ് മണ്ഡലത്തിലെ സമ്പൂർണ്ണ ഡിജിറ്റൽ മീഡിയ സാക്ഷരത യജ്ഞം 'ഇടം'(idam) -2023 പദ്ധതിയിലൂടെയാണ് മയ്യിൽ പഞ്ചായത്ത് സമ്പൂർണ്ണ ഡിജിറ്റൽ മീഡിയ സാക്ഷരത ഗ്രാമം എന്ന നേട്ടം കൈവരിച്ചത്.സംസ്ഥാന സർക്കാർ,സാക്ഷരതമിഷൻ,കൈറ്റ് എന്നിവ ചേർന്നാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.മയ്യിൽ പഞ്ചായത്തിലെ 18 വാർഡുകളിലായി 262 പഠനകേന്ദ്രങ്ങൾ വഴി 7045 പേരാണ് പദ്ധതിയിലൂടെ ഡിജിറ്റൽ സാക്ഷരത നേടിയത്.റിസോഴ്സ് പേഴ്സൺമാർ വാർഡുകളിൽ സർവ്വേ നടത്തി ഡിജിറ്റൽ നിരക്ഷരരായ പഠിതാക്കളെ കണ്ടെത്തുകയും 2023 മെയ് മുതൽ വിവിധ കേന്ദ്രങ്ങളിൽ വെച്ച് 2 മണിക്കൂർ വീതം 5 ദിവസങ്ങളിലായി സ്മാർട്ട് ഫോൺ,ഇൻറർനെറ്റ്,ഓൺലൈൻ പണമിടപാട്,സാമൂഹ്യ മാധ്യമങ്ങൾ,ഇ-മെയിൽ എന്നിവയിൽ പരിശീലനം നൽകി ഡിജിറ്റൽ സാക്ഷരത നേടി.

അടിസ്ഥാന സൌകര്യങ്ങൾ:ലൈബ്രറി/റീഡിംഗ്റൂം:ഡിജിറ്റൽ ക്ലാസ്സ്റൂം :

സ്ഥാപനത്തിന്റെ പേര്	വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൌകര്യങ്ങൾ					
	ഡിജിറ്റൽ ക്ലാസ്സ്റൂം സംവിധാനം ഉണ്ടോ	ലൈബ്രറി ഉണ്ടോ	കുടിവെള്ള സൌകര്യം ഉണ്ടോ	ടോയ്ലെറ്റ് സൌകര്യം ഉണ്ടോ	ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്ലെറ്റ് സൌകര്യം	കളിസ്ഥല സൌകര്യം ഉണ്ടോ
എഇഎംഎസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് – പര്യാപ്തമാണ്
ചെറുപഴശ്ശി എഎൽപി സ്കൂൾ	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഇല്ല
ചെറുപഴശ്ശി വെസ്റ്റ് എഎൽപി സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമല്ല
ഗവ: എൽപിസ്കൂൾ കോറലായി തുരുത്തി	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമാണ്
ഐഎംഎൻഎസ്ജിഎച്ച്എസ്എസ്,മയ്യിൽ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമാണ്
കണ്ടക്കൈ കൃഷ്ണവിലാസം എഎൽപി സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമാണ്
കണ്ടക്കൈ എഎൽപി സ്കൂൾ	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമാണ്
കയരളം എയുപി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് -	ഉണ്ട്	ഉണ്ട് -

സ്കൂൾ				വൃത്തിയുള്ളത്		പര്യാപ്തമാണ്
കയരളം നോർത്ത് എഎൽപി സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയില്ലാത്തത്	ഉണ്ട്	ഉണ്ട് - പര്യാപ്തമാണ്
മയ്യിൽ എഎൽപി സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമാണ്
മുല്ലക്കൊടി മാപ്പിള എഎൽപി സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമാണ്
മുല്ലക്കൊടി എയുപി സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമാണ്
നണിയൂർ നമ്പറം ഹിന്ദു എയുപി സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമാണ്
നണിയൂർ നമ്പറം എഎൽപി സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമാണ്
പെരുമാച്ചേരി എയുപി സ്കൂൾ	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമല്ല
പെരുവങ്ങൂർ എഎൽപി സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമാണ്
തായംപൊയിൽ എഎൽപി സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് - വൃത്തിയുള്ളത്	ഉണ്ട്	ഉണ്ട് - പര്യാപ്തമാണ്

കുടിവെള്ളം,ശുചിമുറി,കളിസ്ഥലം തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങൾ ഉള്ള മികച്ച സ്കൂളുകളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്.ആകെ 17 വിദ്യാഭാസ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.അവയിൽ ലൈബ്രറി സൌകര്യമുള്ളവയാണ് എല്ലാ സ്കൂളുകളും.മിക്ക സ്കൂളുകളിലും ഡിജിറ്റൽ ക്ലാസ്സ്റൂം സൌകര്യവും ഒരുക്കിയിട്ടുണ്ട്.

ഇട്ടഴി മാധവൻ നമ്പൂതിരി സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ ,മയ്യിൽ

ചരിത്രം :

1890 ഇൽ ഇട്ടഴി മാധവൻ വൈദ്യർ സ്ഥാപിച്ച ബ്രഹ്മണാച്ചേരി കുടിപ്പള്ളിക്കൂടത്തിൽ നിന്നാണ് മയ്യിൽ ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെആരംഭം.ജാതീയമായ വിവേചനങ്ങളും അയിത്തവും നിലനിന്നിരുന്ന ഈ കാലഘട്ടത്തിൽ തന്നെ നാനാ ജാതിയിൽപ്പെട്ടവർക്കും വിദ്യാഭ്യാസം നൽകുന്നതിന് ഈ പള്ളിക്കൂടം നേതൃത്വം നൽകി.ഈ കുടിപ്പള്ളിക്കൂടം 1919 ഇൽ ഒരു നിലത്തെഴുത്ത് പള്ളിക്കൂടമായും 1921 ഇൽ മയ്യിൽ എലിമെൻററി സ്കൂളായും മാറി.1926 ഇൽ എട്ടാം ക്ലാസ്സ് കൂടി ആരംഭിച്ചതോടെ മയ്യിൽ എലിമെന്ററി സ്കൂൾ ഹയർ എലിമെന്ററി സ്കൂളായി ഉയർത്തപ്പെട്ടു.അപ്പോഴും പത്താംതരം വരെയുള്ള പഠനം ഈ പ്രദേശത്തുകാർക്ക് അപ്രാപ്യമായിരുന്നു.1954 ഇൽ നിലവിൽ വന്ന മലബാർഡിസ്ട്രിക്ട്ബോർഡ് മയ്യിൽ സ്കൂൾ ഏറ്റെടുത്തു.1957 ലെ ഇഎംഎസിന്റെ നേതൃത്വത്തിലുള്ള പ്രഥമ ജനകീയ ഗവൺമെന്റ് ഡിസ്ട്രിക്ട് ബോർഡ് സ്കൂളുകൾ ഏറ്റെടുത്ത് ഗവണ്മെന്റ് സ്കൂളാക്കി മാറ്റി.അതോടെ മയ്യിൽ ഹയർ എലിമെന്ററി സ്കൂൾ, മയ്യിൽ ഗവണ്മെന്റ് ഹൈസ്കൂൾ ആയി മാറി.സർക്കാർ വിദ്യാലയമായതോടെ മയ്യിൽ ഗവണ്മെന്റ് ഹൈസ്കൂൾ വികസന ചരിത്രത്തിലേക്കുള്ള അതിന്റെ മുന്നേറ്റം ആരംഭിച്ചു.മയ്യിൽ ഗവണ്മെന്റ് ഹൈസ്കൂൾ 1997 ഇൽ ഹയർ സെക്കണ്ടറി സ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു.1998 മുതൽ വിദ്യാലയത്തിന്റെ സ്ഥാപകന്റെ പേരിൽ സ്കൂൾ അറിയപ്പെട്ടു തുടങ്ങി.

അക്കാദമിക രംഗം:

കേരളത്തിൽ മൂവായിരത്തിലധികം കുട്ടികൾ പഠിക്കുന്ന അപൂർവ്വം സർക്കാർ വിദ്യാലയങ്ങളിൽ ഏറെ പ്രസിദ്ധിയുള്ളതാണ് ഐഎംഎൻഎസ്ജിഎച്ച്എസ് എസ്,മയ്യിൽ.സ്വന്തമായി സ്കൂൾ വാഹനങ്ങൾ ഒന്നുമില്ലെങ്കിലും പൊതുവാഹനങ്ങളെ ആശ്രയിച്ച് വിവിധ പ്രദേശങ്ങളിൽ നിന്ന് സ്കൂളിൽ എത്തുന്ന വിദ്യാർഥികൾ അക്കാദമിക് കാര്യങ്ങളിലും അൺ അക്കാദമിക് കാര്യങ്ങളിലും വളരെയധികം മികവ് പുലർത്തുന്നു.2023-24 എസ്.എസ്.എൽ.സി. ബാച്ചിൽ പരീക്ഷയെഴുതിയ 620 വിദ്യാർഥികളും മികച്ച വിജയം കൈവരിച്ചു.100% വിജയത്തിന് പുറമെ 180 ഫുൾ എപ്ലസ് നേട്ടം കൈവരിച്ചു. പ്ലസ്ടു പരീക്ഷയിൽ 324 വിദ്യാർഥികൾ പരീക്ഷയെഴുതിയതിൽ 314 പേരും വിജയിച്ച് 96.62% എന്ന അഭിമാനകരമായ നേട്ടം കൊയ്യാനും സാധിച്ചു.പ്ലസ്ടു പരീക്ഷയിൽ 1200 ഇൽ 1200 മാർക്ക് വാങ്ങിയ ഒരേയൊരു ബാച്ച് കൂടിയാണ് 2023-2024 ബാച്ച്.സ്കൂൾ ഇപ്പോൾ അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പ്രവർത്തിക്കുന്നു. ആകെ 65 ഡിവിഷനുകളിലായി 3350 കുട്ടികൾ പഠിക്കുന്നുണ്ട്. സ്കൂളിൽ 116 അധ്യാപകരും 9 ഓഫീസ് ജീവനക്കാരും പ്രവർത്തിക്കുന്നു. ഹൈസ്കൂൾ,ഹയർസെക്കണ്ടറി തലങ്ങളിൽ വ്യത്യസ്തമായ ക്ലബ്ബ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.ഹയർ സെക്കണ്ടറി തലത്തിൽ ശാസ്ത്ര ക്ലബ്ബ്,ഇംഗ്ലീഷ് ക്ലബ്ബ്,ഹിന്ദി ക്ലബ്ബ്, മലയാള ഭാഷാവേദി,ടൂറിസം ക്ലബ്ബ്,കോമേഴ്സ് ക്ലബ്ബ് എന്നിവ പ്രവർത്തിച്ചു വരുന്നു.സ്കൂൾ കരിയർ ഗൈഡൻസ് യൂണിറ്റ്,എൻഎസ്എസ് യൂണിറ്റ്,പഠനയാത്ര,കലാ-കായിക പ്രവർത്തനങ്ങൾ, സ്കൂൾ അസംബ്ലി എന്നിവയൊക്കെ മികവുറ്റ രീതിയിൽ പ്രവർത്തിച്ചു വരുന്നു.







ഹയർ സെക്കണ്ടറി സ്കൂൾ കോംപ്ലക്സ് ബഹു മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

ഐഎംഎൻഎസ്ജിഎച്ച്എസ്എസ് മയ്യിൽ സ്കൂൾ ഗ്രൗണ്ട്

തളിപ്പറമ്പ് മണ്ഡലത്തിലെ മയ്യിൽ ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ട് അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്നതിനായി ആദ്യഘട്ടത്തിൽ സംസ്ഥാന ബജറ്റിൽ 4 കോടി രൂപ വകയിരുത്തി.ഗ്രൗണ്ട് നവീകരണം, ബാസ്കറ്റ് ബോൾ കോർട്ട്, സിന്തറ്റിക് ട്രാക്, ലോങ് ജംപ് പിറ്റ് നിർമ്മാണം, വോളിബോൾ കോർട്ട്, ഫുട്ബോൾ കോർട്ട് എന്നിവ ഉൾപ്പെടുത്തി സമഗ്രമായ ഗ്രൗണ്ട് നവീകരണമാണ് ഇതിലൂടെ സാധ്യമാകുന്നത്.നിലവിൽ ഗ്രൗണ്ട് നിർമ്മാണ പ്രവർത്തി നടന്നു കൊണ്ടിരിക്കുന്നു.

അദ്ധ്യായം 9

ആരോഗ്യം

ആയുർദൈർഘ്യത്തിന്റെ ആരോഗ്യനിലവാരത്തിന്റെയും കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് സംസ്ഥാന ശരാശരിയേക്കാൾ മുൻപന്തിയിലാണ് . ഉയർന്ന സാക്ഷരതാ നിരക്ക് ജനങ്ങളുടെ ഉയർന്ന സാംസ്കാരിക ബോധം ആരോഗ്യ പരിപാലനരംഗത്തെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ എന്നിവയെല്ലാം തന്നെ ഇതിനുള്ള പ്രധാന കാരണങ്ങളാണ്.

മയ്യിൽ പ്രദേശത്ത് 1957ൽ സ്ഥാപിതമായ ജനറൽ ഡിസ്പെൻസറിയാണ് പിന്നീട് ഹെൽത്ത് സെന്ററായും തുടർന്ന് കമ്മ്യൂണിറ്റി ഹെൽത്ത് സെസെന്ററായും മാറിയത് . ഇരിക്കൂർ വികസന ബ്ലോക്കിൽ തന്നെ ആദ്യത്തെ സ്ഥാപനമായിരുന്നു ഇത്.മയ്യിൽ സി എച്ച് സി യുടെ കീഴിൽ മുല്ലക്കൊടി, കണ്ടക്കൈ ,ചെറുപഴശ്ശി എന്നീ സബ്സെൻററുകളേയും കണ്ടക്കൈയിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറിയുടേയും 2010ൽ പ്രവർത്തനമാരംഭിച്ച ഹോമിയോ ഡിസ്പെൻസറിയുമാണ് ആരോഗ്യ രംഗത്തെ പ്രധാന സ്ഥാപനങ്ങൾ. കഴിഞ്ഞ ഏതാനും വർഷത്തിനിടയിൽ സി എച്ച് സിയുടെ അടിസ്ഥാന സൗകര്യവികസനം മെച്ചപ്പെട്ടിട്ടുണ്ട്.അത്യാവശ്യമായ സൗകര്യങ്ങളോടെ ലബോറട്ടറിയും വിപുലമായ ഫാർമസിയും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.ആസ്പത്രിയിൽ 24 മണിക്കൂറും ആമ്പുലൻസ് സൗകര്യം ലഭ്യമാണ്.ആയുർവ്വേദരംഗത്ത് മികച്ച സേവനം നടത്തുന്ന സ്ഥാപനമാണ് കണ്ടക്കൈ ആയുർവ്വേദ ഡിസ്പൻസറി

ആരോഗ്യസ്ഥാപനങ്ങൾ(സർക്കാർ സ്ഥാപനങ്ങൾ)

വാർഡ്	സ്ഥാപനത്തിന്റെ പേര്	സ്ഥാപനത്തിന്റെതരം	ചികിത്സാരീതി	ഫോൺ നമ്പർ
അരിമ്പ്ര	ഗവൺമെന്റ്ആയുർവ്വേദ ഡിസ്പെൻസറി,അരിമ്പ്ര	സബ്സെന്റർ	ആയുർവ്വേദം	9633531390
ചെറുപഴശ്ശി	ജനകീയ ആരോഗ്യകേന്ദ്രം	പി എച്ച് സി	മോഡേൺ മെഡിസിൻ	
കണ്ടക്കൈ	ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി	ആയുർവ്വേദ ആശുപത്രി	ആയുർവ്വേദം	9400213710
	ആയുഷ്മാൻ ഭാരത് ഹെൽത്ത് ആന്റ് വെൽനസ് സെന്റർ	സബ്സെന്റർ	മോഡേൺ മെഡിസിൻ	8086271233
മയ്യിൽ	മയ്യിൽ സി എച്ച് സി	സബ്സെന്റർ	മറ്റുള്ളവ	4602275220
മുല്ലക്കൊടി	ജനകീയ ആരോഗ്യ കേന്ദം	സബ്സെന്റർ	മോഡേൺ മെഡിസിൻ	

മയ്യിൽ സി എച്ച് സിയുടെ കീഴിൽ പ്രവർത്തിക്കുന്ന മുല്ലക്കൊടി,കണ്ടക്കൈ,ചെറുപഴശ്ശി എന്നീ സബ്സെന്ററുകളും. കണ്ടക്കൈയിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറിയും വാർഡ് 7 മയ്യിൽ പ്രവർത്തിക്കുന്ന ഒരു ഹോമിയോഡിസ്പെൻസറിയും ചേർന്നതാണ് മയ്യിലെ സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ.

ആരോഗ്യസ്ഥാപനങ്ങൾ (പ്രൈവറ്റ്സ്ഥാപനങ്ങൾ)

വാർഡ്	സ്ഥാപനത്തിൻറെ പേര്	ചികിത്സാരീതി	ഫോൺ നമ്പർ
മയ്യിൽ	ഇട്ടഴി നമ്പൂതിരി ആയുർവേദ ഹോസ്പിറ്റൽ	ആയുർവ്വേദം	9207374119
	ഇട്ടഴി നമ്പൂതിരി ആയുർവേദ നേഴ്സിങ് ഹോം		8129679177
	ഡെൻറൽ ക്ലിനിക്ക്	മോഡേൺമെഡിസിൻ	8951595507
മേച്ചേരി	ഡോ അനുപമാസ് പ്രശാന്തി ആയുർവേദ ക്ലിനിക്ക്	ആയുർവേദ ക്ലിനിക്ക്	7025335533
പെരുമാച്ചേരി	ജൂനൈദ് ക്ലിനിക്ക്	മോഡേൺ മെഡിസിൻ	9847193835
പെരുവങ്ങൂർ	ഫാത്തിമ ക്ലിനിക്ക്	മോഡേൺ മെഡിസിൻ	9847193835
തായംപൊയിൽ	ഡെന്റൽക്ലിനിക്ക്	മോഡേൺ മെഡിസിൻ	9496496842
വള്ളിയോട്ട്	ഇട്ടഴി ആയുർവ്വേദ ഫൗണ്ടേഷൻ ചാരിറ്റബിൾ ട്രസ്റ്റ്,ചാരിറ്റബിൾ ഒ പി ക്ലിനിക്ക്	ആയുർവ്വേദം	9447459718

മയ്യിൽ പഞ്ചായത്തിൽ ആരോഗ്യരംഗത്ത് വളരെ ഫലപ്രദമായി ഇടപെടുന്ന സ്വകാര്യ സ്ഥാപനങ്ങൽ ഉണ്ട്. പ്രശസ്തമായ ഇട്ടഴി നമ്പൂതിരി ആയുർവ്വേദ ഹോസ്പിറ്റലും നേഴ്സിങ്ങ് ഹോം , മേച്ചേരി വാർഡിലെ അനുപമാസ് പ്രശാന്തി ആയുരവ്വേദ ക്ലിനിക്കും മയ്യിൽ പഞ്ചായത്തിലെ പ്രധാന ആരോഗ്യസ്ഥാനങ്ങളാണ്.

മോഡേൺ മെഡിസിനിൽ വർഷങ്ങളുടെ പാരമ്പര്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് വാർഡ് 5ൽസ്ഥിതിചെയ്യുന്ന ഫാത്തിമക്ലിനിക്ക്


ഹോമിയോപൊതിയുടേയും അലോപൊതിയുടേയും ആയുർവ്വേദത്തിന്റെയും പാരമ്പര്യമുൾകൊള്ളുന്ന സർക്കാർ സ്ഥാപനങ്ങളും പ്രൈവറ്റ് സ്ഥാപനങ്ങളും ചേർന്ന് മയ്യിൽ പഞ്ചായത്തിന്റെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്താൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ആശ

ആരോഗ്യമേഖലയിൽ സേവനം നടത്തുന്ന പ്രധാന വ്യക്തികളാണ് ആശ വർക്കേഴ്സ് 2009ലാണ് ഇവർ പ്രവർത്തനം ആരംഭിച്ചത്. 1000 ജനസംഖ്യയ്ക്ക് ഒരു ആശ എന്ന നിലയിലായിരുന്നു മുൻപ് എന്നാൽ ഇപ്പോൾ 18 വാർഡുകളിലും ഓരോ ആശ എന്നരീതിയിലാണ്.ഗർഭിണികൾ മുലയൂട്ടുന്ന അമ്മമാർ കുട്ടികൾ വയോജനങ്ങൾ എന്നിവർക്കെല്ലാം തന്നെ ഇവരുടെ സേവനങ്ങൾ ലഭിക്കുന്നുണ്ട്.കോവിഡ് കാലത്തെ സേവനങ്ങൾ വളരെ ശ്രദ്ധ ആകർഷിച്ചതായിരുന്നു.

ജീവിതശൈലി രോഗങ്ങൾ

വാർഡ്	അമിതഭാരം	ഉയർന്ന കൊളസ്ട്രോൾ	തൈറോയ്ഡ്	പ്രമേഹം	മറ്റുള്ളവ	രക്തസമ്മർദ്ദം
1	1	160	36	233	25	287
2	0	56	16	132	18	187
